**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2498** **12-10-2021 - ൽ മറുപടിയ്ക്ക്**

**അസംഘടിത തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വ്യവസായ വകുപ്പിന്റെ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൃഷി, നിർമ്മാണ മേഖലകൾ ഉൾപ്പെടെയുള്ള മേഖലകളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വ്യവസായ വകുപ്പിന്റെ സഹായം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ ഒന്നോ അതിലധികമോ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുകയും സംഘങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി സംഘങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ 705 സഹകരണ സംഘങ്ങൾ നിലവിലുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ നൈപുണ്യ വികസന സഹകരണ സംഘങ്ങൾക്കുള്ള സഹായ പദ്ധതിയ്ക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വ്യവസായ വകുപ്പിന്റെ ധനസഹായം ലഭിക്കുന്നതിന് നിഷ്കർഷിച്ചിരുന്ന അംഗബലത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | ഉണ്ട്. ഇതുമൂലം കൂടുതൽ സഹകരണ സംഘങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | തൊഴിലാളി സഹകരണ സംഘങ്ങളുടെ അംഗബലം സംബന്ധിച്ച പുതുക്കിയ മാനദണ്ഡപ്രകാരം കൂടുതൽ തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വ്യവസായവകുപ്പിന്റെ ധനസഹായം ലഭിക്കാൻ അവസരം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ഇതുമൂലം കൂടുതൽ സഹകരണ സംഘങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| (ഡി) | സഹകരണ സംഘങ്ങൾ നടത്തുന്ന വ്യവസായ-വാണിജ്യ സംരംഭങ്ങൾക്ക് പ്രോത്സാഹനവും സഹായവും നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഇത്തരം സഹകരണ സംഘങ്ങൾ നടത്തുന്ന വ്യവസായ വാണിജ്യ സംരംഭങ്ങൾക്ക് പ്രോത്സാഹനവും കൈത്താങ്ങും നൽകുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രം വഴി ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ